**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1205** **04/02/2019-ൽ മറുപടിയ്ക്ക്**

**ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ നിയമന അംഗീകാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | പ്രൊഫ. സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2006 മുതൽ യഥാക്രമം ലിറ്റിൽ ഫ്ളവർ എൽ.പി.എസ്. അയ്യമ്പാറ, സെന്റ് തോമസ് എൽ.പി.എസ് മംഗളഗിരി എന്നിവിടങ്ങളിൽ എൽ.പി.എസ്.എ ആയി നിയമനം ലഭിച്ച് ശമ്പളം വാങ്ങി വന്നിരുന്ന ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ 31.10.2018 ൽ ഡി.പി.ഐ ഹീയറിംഗ് നടത്തിയതിനു ശേഷവും ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ആരുടെയൊക്കെ പക്കൽ, എത്ര ദിവസം തീരുമാനമെടുക്കാനായി കൈവശം വച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; | എ) | ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ 31.10.2018 ൽ ഡി.പി.ഐ ഹീയറിംഗ് നടത്തി 07.01.2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയൽ ആരുടെയും പക്കൽ മനഃപൂർവ്വമായി തീരുമാനമെടുക്കാതെ കൈവശം വച്ചിരുന്നില്ല. ടി വിഷയത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായം തേടിയിരുന്നതിനാലാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| ബി) | കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടും മനപ്പൂർവ്വം കാലതാമസം വരുത്തുകയും പൊതുജനങ്ങളോടും പൊതുപ്രവർത്തകരോടും അവജ്ഞയോടും നിരുത്തരവാദപരമായും പെരുമാറുന്ന ഡി.പി.ഐ. എഫ് സെക്ഷനിലെയും ഓഫീസ് സെക്ഷനിലെയും ഉദ്യോഗസ്ഥരുടെ നിലപാടിനെതിരെ വകുപ്പുതല അന്വേഷണം നടത്തുമോ; | ബി) | കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ആരുംതന്നെ മനഃപൂർവ്വമായ കാലതാമസം വരുത്തുകയോ പൊതുജനങ്ങളോടോ, പൊതു പ്രവർത്തകരോടോ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത എഫ് സെക്ഷനിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഡി.പി.ഐ യുടെ സി.എ ആരെന്നും അറിയിക്കാമോ; ഇവർ എത്ര വർഷമായി എഫ് സെക്ഷനിലും ഡി.പി.ഐ ഓഫീസിലും ജോലി ചെയ്യുന്നുവെന്നും ഇവർ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശേഷം ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ടോ എന്നും അറിയിക്കാമോ; | സി) | എഫ് സെക്ഷനിലെ ഉദ്യോഗസ്ഥർ ജൂനിയർ സൂപ്രണ്ടും അഞ്ച് ക്ലാർക്കുമാരുമാണ്.<br>ജൂനിയർ സൂപ്രണ്ട് -<br>ശ്രീ. അരുൺ കുമാർ.എ.പി - 18.06.2018 മുതലും<br>എഫ്1 - ജീന.വി.എസ്. - 28.07.2016 മുതലും<br>എഫ്2 - രഞ്ജിനി - 14.06.2018 മുതലും<br>എഫ്3 - വിപിൻകുമാർ - 16.02.2018 മുതലും<br>എഫ്4 - അനിത.എസ് - 09.07.2015 മുതലും<br>എഫ്5 - വഹീദാബീവി - 28.01.2015 മുതലും<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സി.എ - ശ്രീമതി ശ്രീലേഖ - 10.09.2013 മുതലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്നു.<br>എഫ്2 സെക്ഷൻ ക്ലാർക്ക് ഒഴികെ എല്ലാപേർക്കും വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചശേഷം ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ട്. |
| ഡി) | കേരളത്തിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനങ്ങൾക്ക് 51 എ അവകാശികൾക്കുള്ള മുൻഗണന കെ. ഇ. ആർ. ചട്ടങ്ങൾ പ്രകാരമുള്ളതാകയാൽ, ഗവൺമെന്റ് പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളോ സർക്കുലറുകളോ മുഖാന്തിരം നിയമനം നിഷേധിക്കപ്പെടുവാൻ സാധിക്കുകയില്ല എന്നും കെ. ഇ. ആർ. പരിഷ്കരിക്കാതെ ചട്ടങ്ങൾക്ക് വിരുദ്ധമായി 51 എ അവകാശികളെക്കാൾ മുൻഗണന, സംരക്ഷിത അദ്ധ്യാപകർക്ക് നൽകുന്ന സർക്കാർ ഉത്തരവുകളെ കെ. ഇ. ആർ. ചട്ടങ്ങൾ മറികടക്കുന്നതാണ് എന്നും ഉള്ള വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | നിലവിലുള്ള ചട്ടപ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിലെ 29.01.2016 മുതലുള്ള നിയമനങ്ങൾക്ക് സംരക്ഷിത അധ്യാപകരേക്കാൾ 51 എ അവകാശികൾക്കാണ് മുൻഗണന. |
| ഇ) | എങ്കിൽ, പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനത്തിന് 2006 മുതൽ സർക്കാർ ഉത്തരവുകളിലൂടെ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ 51 എ അവകാശികൾക്ക് ബാധകമല്ലാതാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് 2006 മുതലുള്ള മുൻകാല | ഇ) & എഫ്) | അതതു കാലം നിലനിൽക്കുന്ന വ്യയനിയന്ത്രണവും മറ്റു പരിഗണനകളും കണക്കിലെടുത്ത് ഏർപ്പെടുത്തുന്ന നിബന്ധനകളുടെ ഭാഗമായി ആണ് കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14 എ ചട്ടം1 (1), കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 11 എന്നിവയിൽ നിഷ്കർഷിക്കുന്ന |

| | | | |
|---|---|---|---|
| | പ്രാബല്യത്തോടെ പുറപ്പെടുവിക്കാൻ സാധിക്കുമോ; | | പ്രകാരം "അതതുകാലം സർക്കാർ പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി" മാനേജർ നിയമനം നടത്തേണ്ടത്. ഭാവിയിൽ നയവ്യതിയാനമുണ്ടായി, പുതുക്കിയ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ, അതിന് മുൻകാല പ്രാബല്യം നൽകുന്നത് ഭൗതികസാഹചര്യങ്ങളിലെ മാറ്റങ്ങൾ വിശദമായി പഠിച്ചുമാത്രമേ ആകാൻ കഴിയൂ. പുതുതായി ആരംഭിച്ച സ്കൂളുകളിലെ 51 എ അവകാശികളുടെ 2006 മുതലുള്ള നിയമനങ്ങൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കികൊടുക്കുന്നതിനുള്ള പ്രൊപ്പോസൽ തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| എഫ്) | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ 51 എ അവകാശികൾക്ക് ബാധകമല്ല എന്ന കാരണത്താൽ, അംഗീകരിക്കപ്പെട്ട 51 എ അവകാശികളുടെ 2006 മുതലുള്ള നിയമനങ്ങൾ പൊതുവായ സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഓഡിറ്റ് ഒബ്ജക്ഷൻ നേരിടുന്നതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | | |
| ജി) | ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നീ അദ്ധ്യാപികമാർ 2004 മുതൽ 51 എ അവകാശികളാണ് എന്ന കാര്യം പരിഗണിച്ച് 05/06/2006 മുതലുള്ള ഇവരുടെ നിയമനാംഗീകാരം ഉപാധികളില്ലാതെ സാധൂകരിച്ച്, തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ? | ജി) | ഓഡിറ്റ് തടസ്സവാദം പരിഹരിക്കാത്തിടത്തോളം ഉപാധികളില്ലാതെ നിയമനാംഗീകാരം സാധൂകരിച്ച് തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം നൽകുവാൻ കഴിയുകയില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ